കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# ചെറുകുന്ന് ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട് 2018-19


## ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ

e-mail: doknr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെഎസ്എ/കെഎൻആർ/സി.12/1476/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ ജില്ല
ഇ-മെയിൽ: doknr.ksad@kerala.gov.in
ഫോൺ: 04972-707698
തീയതി: 16.10.2019.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന),

ചെറുകുന്ന് ഗ്രാമപഞ്ചായത്ത്.

സർ,

വിഷയം : ചെറുകുന്ന് ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്.

******

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം1ലെ 1-12, 1-17 ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ ഗ്രാമ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത്‌രാജ്-(പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1), ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക).

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ.

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (എയിംസിൽ)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ (ഇമെയിൽ വഴി)

3) കാര്യാലയ പകർപ്പ്

നം.കെഎസ്എ/കെഎൻആർ/സി.12/1476/2019.

തിയതി: 16.10.2019.

# കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം- വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

കണ്ണൂർ ജില്ലയിലെ ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമ പഞ്ചായത്ത് 01.04.18 മുതൽ 31.07.19 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ തുകസ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 12 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ. ശശികുമാർ.എം.പി.<br>ഡെപ്യൂട്ടി ഡയറക്ടർ. | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 17.08.2019 മുതൽ 30.08.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | | ശ്രീമതി.രമണികിഴക്കീൽ | ഓഡിറ്റ്ഓഫീസർ(ഹ.ഗ്രേ) |
| | | ശ്രീ.പ്രമോദ്.കെ.വി | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ഷാജു തോമസ് | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി.ധന്യ.എം.വി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.അസ്സൻകുഞ്ഞി മാസ്റ്റർ | 1-04-18 മുതൽ 31-03-2019 വരെ |
| സെക്രട്ടറി | ശ്രീ.ഷംഷുദ്ദീൻ.കെ.ബി. | 1-04-18മുതൽ 09-7-18 FN വരെ |
| സെക്രട്ടറി | ശ്രീമതി.പി.പി.ഉഷ | 09-7-18AN മുതൽ 31-03-2019 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ്എഞ്ചിനീയർ | ശ്രീമതി.രേഖ.എം, | 1-04-18 മുതൽ<br>15-05-18 വരെ |
| | ശ്രീ.ഫിലിപ്പോസ് പണിക്കർ | 16-05-18 മുതൽ<br>04-07-18 വരെ |
| | ശ്രീമതി.സപ്ന.വി.എസ് | 05-07-18 മുതൽ<br>31-03-19 വരെ |
| വെറ്റിനറി സർജ്ജൻ | ഡോ.ആശാ ബാലൻ | 01-04-18 മുതൽ 31-03-2019 വരെ |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | ഡോ.അമൂല്യ ഭാർഗ്ഗവൻ | 01-04-18 മുതൽ<br>31-03-19 വരെ |
| മെഡിക്കൽ ഓഫീസർ | ഡോ.ബേബി സുഭദ്ര | 01-04-18 മുതൽ |

| | | |
|---|---|---|
| (ആയുർവ്വേദം) | | 31-03-19 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.രാഖി.കെ | 01-04-18 മുതൽ<br>31-03-19 വരെ |
| വി.ഇ.ഒ -1 | ശ്രീമതി.ബിന്ദു.എം.പി. | 01-04-18 മുതൽ<br>12-12-18 വരെ |
| | ശ്രീ.ശ്രീജിത്ത്.ഒ. | 13-12-18 മുതൽ<br>07-01-19 വരെ |
| | ശ്രീമതി.ബിന്ദു.എം.പി. | 08-01-19 മുതൽ<br>11-03-19 വരെ |
| | ശ്രീമതി.ഷീജ.കെ.വി | 12-03-19 മുതൽ<br>31-03-19 വരെ |
| വി.ഇ.ഒ-2 | ശ്രീമതി.സ്മിത | 01-04-18 മുതൽ<br>31-03-19 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.രശ്മി.പി.ആർ. | 01-04-18 മുതൽ<br>07-07-18 വരെ |
| | ശ്രീമതി.ഉദയകുമാരി. | 08-07-18 മുതൽ<br>31-03-19 വരെ |
| ഹെഡ് മാസ്റ്റർ | ശ്രീമതി.രമാവതി | 01-04-18 മുതൽ<br>31-03-19 വരെ |
| അസി.സെക്രട്ടറി | ശ്രീ.എം.പ്രദീപൻ | 01-04-18 മുതൽ<br>26-06-18 വരെ |
| | ശ്രീ.ഷിബു കരുൺ | 27-06-18 മുതൽ<br>31-03-19 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ദിജേഷ്.കെ | 01-04-18 മുതൽ<br>31-03-19 വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീ.അനിൽകുമാർ.കെ.എം. | 01-04-18 മുതൽ<br>31-03-19 വരെ |

<u>ഉള്ളടക്കം</u>

| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| | | |

ഓഡിറ്റ് റിപ്പോർട്ട്


| | | |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | സാമ്പത്തിക വിശകലനം | 1-3 |
| 4 | പദ്ധതി അവലോകനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | തൊഴിലുറപ്പ് പദ്ധതി | 1-6 |
| 7 | ക്ഷേമ പദ്ധതികൾ | 1-7 |
| 8 | ക്യാഷ് പരിശോധന | 1-8 |
| 9 | ആഭ്യന്തരനിയന്ത്രണം | 1-9 |
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-10 |
| 11 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-11 |
| 12 | മത്സ്യ ബണ്ട് – ലേലം നടത്താത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം | 1-12 |
| 13 | വസ്തു നികുതി നിർണയം – സ്ഥല പരിശോധനാ റിപ്പോർട്ട് അപൂർണ്ണം | 1-13 |
| 14 | തൊഴിൽ നികുതി ഈടാക്കാത്തത് | 1-14 |
| 15 | കലക്ഷൻ ചാർജ്ജ് ഈടാക്കുന്നില്ല | 1-15 |
| 16 | ഇ-ടെണ്ടർ – ടെണ്ടർ വില ലഭ്യമല്ല | 1-16 |
| 17 | സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡി - സംരംഭം പ്രവർത്തിക്കുന്നില്ല – 3,00,000/- രൂപയുടെ ചെലവ് തടസത്തിൽ വെയ്ക്കുന്നു. | 1-17 |
| 18 | പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി- വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്. | 1-18 |
| 19 | ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് മുഴുവനായും ലഭിച്ചില്ല | 1-19 |
| 20 | കുടിവെള്ള വിതരണം – ആദായ നികുതി ഈടാക്കിയില്ല | 1-20 |
| 21 | റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾക്ക് കാലപ്പഴക്കത്തിനനുസരിച്ച് മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തിയില്ല -2,367/- രൂപയുടെ നഷ്ടം | 1-21 |

| | | |
|---|---|---|
| 22 | ഫാക്ടറികൾക്കും, വ്യാപാരങ്ങൾക്കും, സംരഭക പ്രവർത്തനങ്ങൾക്കും, മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ഭരണസമിതി തീരുമാനം നടപ്പാക്കിയതിലെ പിഴവ് - 3,500/- രൂപ നഷ്ടം | 1-22 |
| ഭാഗം 2<br>വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല<br>ഭാഗം 3<br>ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ – ഇല്ല | | |
| ഭാഗം 4<br>പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | | |
| 23 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 4-1 |
| 24 | സംയുക്ത പ്രൊജക്ടുകൾക്ക ലഭിച്ച ഫണ്ട് വിനിയോഗം | 4-2 |
| 25 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-3 |
| 26 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-4 |
| 27 | വായ്പാ/വായ്പാ തിരിച്ചടവ് | 4-5 |
| 28 | സ്ഥിര നിക്ഷേപം | 4-6 |
| 29 | ഓഡിറ്റ് റിക്കവറി | 4-7 |
| 30 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-8 |
| 31 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-9 |
| 32 | ഓഡിറ്റ് പ്രത്യവലോകനം | 4-10 |
| 33 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-11 |
| 34 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |
| 35 | റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-1 |
| 36 | ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് | അനുബന്ധം-2-2 |
| 37 | ബാലൻസ് ഷീറ്റ് | അനുബന്ധം-2-3 |

# ഭാഗം -1
# ഓഡിറ്റ് റിപ്പോർട്ട്.

## 1-1 ബജറ്റ്

15-03-2018 തീയതിയിലെ 67/2018 നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചു.

| | |
|---|---|
| മുന്നിരിപ്പ് | 16,50,000 |
| വരവ് | 7,98,81,000 |
| ആകെ | 8,15,31,000 |
| ചെലവ് | 8,10,45,970 |
| നീക്കിയിരിപ്പ് | 4,85,030 |

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി |
|---|---|---|
| 31-07-2019 | 22-04-2019 | തിരിച്ചയച്ചിട്ടില്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 15,92,431.89 |
| വരവ് | 4,79,53,248.00 |
| ആകെ | 4,95,45,679.89 |
| ചെലവ് | 4,74,47,485.00 |
| നീക്കിയിരിപ്പ് | 20,98,194.89 |

# 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി. | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|---|
| വികസന ഫണ്ട്-<br>ജനറൽ<br>(ACR പ്രകാരം) | | 0 | 8803000 | 8803000 | 8803000 | 0 |
| വികസന ഫണ്ട്-<br>എസ്.സി.പി<br>(ACR പ്രകാരം) | | 0 | 2947000 | 2947000 | 2947000 | 0 |
| വികസന ഫണ്ട്-<br>ടി.എസ്.പി<br>(ACR പ്രകാരം) | | 0 | 89000 | 89000 | | * |
| മെയിന്റനൻസ്,<br>റോഡ്<br>(ACR പ്രകാരം) | | 0 | 5836000 | 5836000 | 5836000 | 0 |
| മെയിന്റനൻസ്,<br>നോൺ-റോഡ്<br>(ACR പ്രകാരം) | | 0 | 2780000 | 2780000 | 2780000 | 0 |
| സെൻട്രൽ ഫിനാൻസ്<br>കമ്മീഷൻ ഗ്രാന്റ്<br>(ACR പ്രകാരം) | | 0 | 4086000 | 4086000 | 4086000 | 0 |
| കെ.എൽ.എസ്.<br>ജി.ഡി.പി<br>(ACR പ്രകാരം) | | | | | | |
| സാക്ഷരത | | 21771.50 | 1102 | 22873.50 | 0 | 22873.50 |
| ദുരിതാശ്വാസനിധി | | 5362 | 22358 | 27720 | 21000 | 6720 |
| എം.ജി.എൻ.ആർ.<br>ഇ.ജി.എസ് | തൊഴിലാളികളുടെ<br>കൂലി | 0 | 9774220 | 9774220 | 9774220 | 0 |
| | അഡ്മിനിസ്ട്രേറ്റീവ്<br>ചെലവ് | 1574 | 433096 | 434670 | 317324 | 117346 |
| കേന്ദ്രാവിഷ്കൃത<br>ഫണ്ടുകൾ<br>(ഇനം തിരിച്ച്<br>ചേർക്കുക) | | | | | | |
| ICDS സെൻട്രൽ<br>ഷെയർ | | 462326 | 462525 | 924851 | 399971 | 524880 |

| | | | | | | |
|---|---|---|---|---|---|---|
| ടി.എസ്.സി. | | 24300 | 130000 | 154300 | 130000 | 24300 |
| സംസ്ഥാനാവിഷ്കൃത ഫണ്ടുകൾ (ഇനം തിരിച്ച് ചേർക്കുക) | | | | | | |
| നെൽകൃഷി ഉൽപ്പാദക ബോണസ് | | | 100000 | 100000 | 100000 | 0 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 67691 | 2774667 | 2842358 | 2586667 | 255691 |
| | ജില്ലാ പഞ്ചായത്ത് | 440375 | 2347717 | 2788092 | 2613477 | 174615 |
| ബി ഫണ്ട് | | 0 | 136320 | 136320 | 136320 | 0 |
| ജനറൽ പർപ്പസ് ഗ്രാന്റ് | | | 7145808 | 7145808 | | |
| തനത് ഫണ്ട് * | ബാങ്ക് അക്കൗണ്ട് | 1239046.39 | 5822536 | 7061582.39 | 6827157 | 234425.39 |
| | ട്രഷറി അക്കൗണ്ട് | 94058 | 11056136 | 11150194 | 10689006 | 461188 |

*തൻവർഷം 89,000/- രൂപ ടി.എസ്.പി ഫണ്ടിനത്തിൽ വരവുണ്ടെങ്കിലും തിരിച്ചടക്കാൻ പറ്റാതെ ലാപ്സായി.

# 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 117 | 45858896 | 104 | 35327358 | 0 | 13 | 88.88 |

<u>പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല

നിർവ്വഹണ ഉദ്യാഗസ്ഥൻമാർ നടപ്പിലാക്കിയ പ്രോജക്ടിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | പദ്ധതികളുടെ എണ്ണം | നടപ്പിലാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| സെക്രട്ടറി | 19 | 18 | 2472222 | 2068364 | 83.66 |
| അസിസ്റ്റൻറ് സെക്രട്ടറി | 12 | 11 | 1500570 | 1261303 | 91.67 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 34 | 24 | 18524569 | 12226881 | 66.6 |
| കൃഷി ഓഫീസർ | 7 | 7 | 3465647 | 3465647 | 100 |
| വി. ഇ . ഒ | 18 | 17 | 13614620 | 10181423 | 74.78 |
| ഐസിഡിഎസ് സൂപ്പർവൈസർ | 5 | 5 | 2367397 | 2325452 | 98.23 |
| മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | 2 | 2 | 708029 | 658672 | 93.03 |
| വെറ്ററിനറി സർജൻ | 5 | 5 | 1144057 | 1144057 | 100 |
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | 5 | 5 | 961385 | 956309 | 99.26 |
| ഹെഡ് മാസ്റ്റർ | 8 | 8 | 620400 | 609250 | 98.2 |
| എസ്.ഐ.ഓഫ് ഫിഷറീസ് | 1 | 1 | 120000 | 72000 | 66 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 360000 | 360000 | 100 |
| ആകെ | 117 | 104 | 45858896 | 35327358 | 88.88 |

തൻവർഷം 117 പദ്ധതികൾക്ക് അംഗീകാരം ലഭിച്ചതിൽ 104 എണ്ണം നടപ്പിലാക്കിയിട്ടുണ്ട്. 13 പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. വിവിധ ഇനങ്ങളിലായി ലഭിച്ച ഫണ്ടുകൾ പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്. എന്നാൽ മോണിറ്ററിംഗിന്റെ അഭാവം പ്രധാന പോരായ്മയാണ്. പദ്ധതി മാർഗ്ഗ രേഖപ്രകാരം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിക്കേണ്ടതും കമ്മിറ്റി യോഗം ചേർന്ന് മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി നിർവ്വഹണ ഉദ്യോഗസ്ഥനും ഭരണസമിതിക്കും

നൽകേണ്ടതാണ് എന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ വർക്കിംഗ് ഗ്രൂപ്പുകൾ ഒന്നും തന്നെ ഇത്തരത്തിലുള്ള പ്രവർത്തനം നടത്തിയിട്ടില്ല. പദ്ധതി നടത്തിപ്പിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തുക മുന്നോട്ടുള്ള പ്രവർത്തനത്തിന് അത്യന്താപേക്ഷിതമായതിനാൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കേണ്ടതാണെന്ന് ഓഡിറ്റിൽ വിലയിരുത്തുന്നു.

# 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 1574 | 433096 | 434670 | 317324 | 117346 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 9774220 | 9774220 | 9774220 | 0 |

# 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 46320 | 33 |
| കർഷക തൊഴിലാളി പെൻഷൻ | 3770800 | 301 |
| വിധവാ പെൻഷൻ | 7108500 | 607 |
| വാർദ്ധക്യകാലപെൻഷൻ | 15865200 | 1362 |
| ഭിന്നശേഷിക്കാർക്കുള്ള പെൻഷൻ | 2187500 | 174 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 90000 | 3 |
| 50 വയസ്സിനു മുകളിലുള്ള അവിവാഹിതകളുടെ പെൻഷൻ | 977300 | 88 |

# 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ്

പരിശോധന 22-08-2019ന് സ്ഥാപനതലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 16,825/- രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിലെ ആഭ്യന്തര നിയന്ത്രണ സംവിധാനം പൊതുവേ ഫലപ്രദമാണ്. സ്റ്റാഫ് മീറ്റിംഗ് എല്ലാ മാസവും വിളിച്ചു ചേർക്കുകയും ഓഫീസ് പ്രവർത്തനം വിലയിരുത്തുകയും ജീവനക്കാർക്ക് ജോലി സംബന്ധിച്ച നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രജിസ്റ്ററുകളും രേഖകളും എഴുതി സൂക്ഷിക്കുന്നതിൽ കൃത്യത പാലിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ വിവിധ ആവശ്യങ്ങൾക്ക് എത്തിച്ചേരുന്ന പൊതു ജനങ്ങൾക്ക് സേവനം പ്രദാനം ചെയ്യുന്നതിൽ ചിട്ടയായ സംവിധാനം ആവിഷ്ക്കരിക്കുന്നതിന്റെ ഭാഗമായി തൻവർഷം ഫ്രണ്ട് ഓഫീസിൽ ടോക്കൺ മെഷീൻ സ്ഥാപിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തിന്റെ അറിയിപ്പുകളും മറ്റും പൊതുജനങ്ങളിലേക്ക് യഥാസമയം എത്തിക്കുന്നതിനായി ഫോൺ വഴി ശബ്ദസന്ദേശം കൈമാറുന്ന സ്മാർട്ട്കാളർ സംവിധാനവും 2018-19 വർഷം നടപ്പിലാക്കിയിട്ടുണ്ട്.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 27-06-2019 | 05/2019 | 01-07-2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30-12-2013 | 2008-09 മുതൽ 2012-13 വരെ | 17-02-2014 |

## 1-11 വാർഷികകണക്കുകളിലെ അപാകതകൾ

1. ലൈബ്രറി സെസ് - AFS ലെ മുന്നിരിപ്പ് (ബി-9 – 2017-18) തൻവർഷ വരവ് - ചെലവ് (RP 36) നീക്കിയിരിപ്പ് (ബി9) തുകകൾ പൊരുത്തപ്പെടുന്നില്ല.

2. അഡ്വാൻസ് രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

3.ലാപ്സായ ഡെപ്പോസിറ്റുകൾ തനതു ഫണ്ടിലേക്ക് മുതൽ കൂട്ടിയിട്ടില്ല.

4. 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ൽ നിഷ്കർഷിക്കുന്ന താഴെ പ്രതിപാദിച്ച രേഖകൾ വാർഷിക ധനകാര്യപത്രികയോടൊപ്പം ഉൾപ്പെടുത്തിയിട്ടില്ല.

1) അക്കൗണ്ടുകളിന്മേലുള്ള കുറിപ്പുകൾ

2) അടിസ്ഥാന അനുപാതങ്ങൾ

# 1-12 മത്സ്യബണ്ട്- ലേലം നടത്താത്തതിനാൽ പഞ്ചായത്തിന് ഗണ്യമായ വരുമാന നഷ്ടം

ഗ്രാമപഞ്ചായത്തിന്റെ മുൻകാല ലേല രജിസ്റ്റർ പരിശോധിച്ചതിൽ താഴെ പറയുന്ന 6 ബണ്ടുകളിൽ നിന്നും വല വെച്ച് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം പൊതു ലേലം വഴി വിതരണം ചെയ്തിട്ടുണ്ട്.

1.കദിയാക്കുണ്ട്.

2.ബാപ്പുക്കൽ

3.താവം കാപ്പ്.

4.മീഞ്ചാൽ

5.തെങ്ങിൻകണ്ടി.

6.റീ.സ.122 ബണ്ട്.

1995-96 വരെ പ്രസ്തുത 6ബണ്ടുകളിൽ നിന്നും ഗ്രാമപഞ്ചായത്തിന് ഗണ്യമായ വരുമാനം ലഭ്യമായിരുന്ന സ്ഥാനത്ത് നിലവിൽ തെങ്ങിൻകണ്ടി, റീ.സ.122 എന്നീ രണ്ടു ബണ്ടുകൾ മാത്രമേ ഗ്രാമപഞ്ചായത്ത് പൊതു ലേലം നടത്തുന്നുള്ളൂ. കദിയാക്കുണ്ട് 2001-02 ന് ശേഷവും ബാപ്പുക്കൽ 1998-99ന് ശേഷവും മീഞ്ചാൽ 1995-96ന് ശേഷവും താവംകാപ്പ് 1999-00ന് ശേഷവും ലേലം നടത്തിയിട്ടില്ല. ലേലം നടത്തിയ അവസാന വർഷമായ 1999-00ൽ താവം കാപ്പിൽ നിന്നും മാത്രം ലഭ്യമായ വരുമാനം 1,51,500/- രൂപയായിരുന്നു.

പ്രസ്തുത 4 ബണ്ടുകൾ പൊതുലേലം ചെയ്യാതിരിക്കാനുള്ള കാരണം, തത്സംബന്ധമായ പഞ്ചായത്ത് തീരുമാനം, നിലവിൽ ആയവയിലെ വല വെച്ച് മത്സ്യം പിടിക്കുന്നതിനുള്ള അവകാശം ആരാണ്/ഏത് രീതിയിലാണ് വിനിയോഗിക്കപ്പെടുന്നത്, ലേലമല്ലാതെ മറ്റേതെങ്കിലും രീതിയിൽ ഈ അവകാശം അനുവദിച്ചു നൽകിയിട്ടുണ്ടോ തുടങ്ങിയ കാര്യങ്ങൾ വ്യക്തമാക്കുവാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ(13/30-8-19)ത്തിന് രേഖകൾ പരിശോധിച്ച് മറുപടി പിന്നീട് സമർപ്പിക്കുന്നതാണെന്ന മറുപടിയാണ് ലഭ്യമാക്കിയത്.

ഗ്രാമപഞ്ചായത്തിന് മുൻകാലങ്ങളിൽ ലഭ്യമായിരുന്ന മുഖ്യവരുമാന മാർഗമായിരുന്നു പഞ്ചായത്തിലെ പുഴപുറംപോക്കുകളിലെ മത്സ്യബന്ധനം വഴിയുള്ള വരവ്. നിലവിൽ തനത് വരുമാനത്തിലെ കുറവു കാരണം സർക്കാരിൽ നിന്നും ഗ്യാപ് ഫണ്ടിന് അർഹമാകുന്ന ഗ്രാമപഞ്ചായത്തുകളിലൊന്നാണ് ചെറുകുന്ന് ഗ്രാമപഞ്ചായത്ത്. പഴയകാല ലേല സംഖ്യയുമായി താരതമ്യം ചെയ്താൽ പ്രസ്തുത ബണ്ടുകളുടെ ലേലം വഴി ഗ്രാമപഞ്ചായത്തിന് ഗണ്യമായ

വരുമാനം വർഷം തോറും ലഭ്യമാകേണ്ടതാണ്. ലേല ഫയൽ പരിശോധിച്ചതിൽ 25-7-95ൽ ഭരണസമിതി നടത്തിയ ഒരു കത്തിടപാടിൽ "ഇത്തരം ബണ്ടുകൾ പഴയകാലങ്ങളിൽ സ്വകാര്യ വ്യക്തികളും അനധികൃത കമ്മിറ്റികളുമായിരുന്നു നടത്തിച്ചു പോന്നിരുന്നതെന്നും പഞ്ചായത്ത് ഭരണസമിതിയുടെ നിരന്തരമായ ശ്രമഫലമായാണ് അവ പഞ്ചായത്തിന്റെ നിയന്ത്രണത്തിലും അധീനതയിലും എത്തിച്ചേർന്നതെ"-ന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഗ്രാമപഞ്ചായത്തിന്റെ അധീനതയിലുള്ള പുഴപുറംപോക്കിലേയും പൊതുമുതലുപയോഗിച്ച് നിർമ്മിച്ചതുമായ ബണ്ടുകളിലേയും വരുമാനം സ്വകാര്യ വ്യക്തികൾ/അനധികൃത കമ്മിറ്റികൾ കൈയ്യാളാതെ ഗ്രാമപഞ്ചായത്തിന് തന്നെ ലഭ്യമാകുന്നുണ്ടെന്നുറപ്പു വരുത്തേണ്ടതുംതനത് വരുമാനം കൃത്യമായി പിരിച്ചെടുക്കേണ്ടതും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടെയും കടമയാണ്.

മീഞ്ചാൽബണ്ട് ലേലം, താവം ഫാത്തിമ മാതാചർച്ചിന്റെ പരാതിയെത്തുടർന്ന് 21-12-93ലെ 70356/k2/93/LAD ഉത്തരവ്പ്രകാരം സർക്കാർ സ്റ്റേ ചെയ്തിട്ടുണ്ട്. ഇക്കാര്യത്തിലുള്ള തുടർനടപടി, നിലവിലെ സ്ഥിതി തുടങ്ങിയ വിവരങ്ങൾ ലഭ്യമല്ല. 25 വർഷം പിന്നിട്ടിട്ടും ഇക്കാര്യത്തിൽ തീർപ്പുണ്ടാക്കാൻ സാധിക്കാത്തത് ഇക്കാലയളവുകളിലെ ഭരണസമിതികളുടെ കാര്യക്ഷമതക്കുറവായി ഓഡിറ്റ് വിലയിരുത്തുന്നു.

മേൽക്കാര്യങ്ങളിലേക്ക് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടേയും ഭരണസമിതിയുടേയും സവിശേഷവും സത്വരവുമായ ശ്രദ്ധ ക്ഷണിക്കുന്നു. ഇക്കാര്യത്തിലുള്ള തുടർനടപടി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-13 വസ്തുനികുതി നിർണ്ണയം - സ്ഥലപരിശോധനാറിപ്പോർട്ട് അപൂർണ്ണം

2011ലെ കേരളപഞ്ചായത്ത് രാജ്(വസ്തുനികുതിയും സേവനഉപനികുതിയും സർച്ചാർജ്ജും) ചട്ടങ്ങൾ പ്രകാരമാണ് വസ്തുനികുതി നിർണ്ണയിക്കുന്നത്. ഈ ചട്ടത്തിന്റെ അടിസ്ഥാനത്തിൽ 3 മേഖലകളായി തിരിച്ച് മേഖല, വഴി സൗകര്യം, മേൽക്കൂര, കാലപ്പഴക്കം എന്നിവയുടെ അടിസ്ഥാനത്തിൽ അടിസ്ഥാന നികുതിയിൽ ഇളവുകളും, വഴി സൗകര്യം, തറ നിർമ്മിതി, കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനം എന്നിവയുടെ അടിസ്ഥാനത്തിൽ വർദ്ധനവും വരുത്തിയാണ് നികുതി നിർണ്ണയിക്കുന്നത്.

5 മീറ്ററിലധികം വീതിയുള്ള റോഡുള്ളവയ്ക്ക് 20%, മേൽത്തരം വസ്തുക്കൾ കൊണ്ട് തറ നിർമ്മിച്ചതും 250 ച.മീറ്ററിലധികം വിസ്തൃതിയുള്ളതുമായ കെട്ടിടങ്ങൾക്ക് 15% കേന്ദ്രീകൃത എയർകണ്ടീഷനിംഗ് സംവിധാനമുള്ളവയ്ക്ക് 10% എന്നിങ്ങനെ അടിസ്ഥാന നികുതിയിൽ വർദ്ധനവ് നൽകിയാണ് നികുതി നിർണ്ണയിക്കേണ്ടത്.

2018-19 ലെ നികുതി നിർണ്ണയങ്ങൾ പരിശോധിച്ചപ്പോൾ താഴെച്ചേർക്കുന്ന അപാകതകൾ ഉണ്ട്.

നികുതി നിർണ്ണയത്തിനായി സ്ഥല പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തിയല്ല റിപ്പോർട്ട് സമർപ്പിക്കുന്നത്. പ്രത്യേകിച്ച് നികുതി വർദ്ധനവിന് പരിഗണിക്കേണ്ട കാര്യങ്ങളായ കെട്ടിടത്തിലേക്ക് വഴി സൗകര്യമുണ്ടോ, ഉണ്ടെങ്കിൽ എത്ര വീതിയിൽ, ഉപയോഗിച്ചിരിക്കുന്ന തറയുടെ വിവരം, എയർ കണ്ടീഷനിംഗ് സംവിധാനമുണ്ടോ തുടങ്ങിയ കാര്യങ്ങൾ ഒന്നും തന്നെ റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്നില്ല.

ഉദാഹരണത്തിന് പുന്നക്കൽ സുലൈഖയുടെ പേരിലുള്ള XII/214 നമ്പറിലുള്ള 10 ക്വാർട്ടേഴ്സുകളുടെ തറ സംബന്ധിച്ച വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടില്ല.

പരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയത്തിനാവശ്യമായ എല്ലാക്കാര്യങ്ങളും പരിശോധിക്കാത്തതു മൂലമാണ് ഈ അപാകത സംഭവിക്കുന്നത്.

ഇക്കാര്യത്തിൽ വിശദീകരണം ആവശ്യപ്പെട്ടതിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

നികുതി നിർണ്ണയത്തിനായി സ്ഥലപരിശോധന നടത്തുന്ന ഉദ്യോഗസ്ഥർ നികുതി നിർണ്ണയിക്കാനാവശ്യമായ എല്ലാ വിവരങ്ങളും ഉൾപ്പെടുത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. അതു പോലെ തന്നെ മേൽ പരാമർശിച്ചിരിക്കുന്ന ക്വാർട്ടേഴ്സുകളുടെ തറ സംബന്ധിച്ച വിവരം റിപ്പോർട്ടിൽ ഉൾപ്പെടുത്താൻ വിട്ടു പോയതാണോയെന്ന് പരിശോധിച്ച് നികുതി നഷ്ടമില്ലായെന്ന് ഉറപ്പു വരുത്തേണ്ടതാണ്.

# 1-14 തൊഴിൽ നികുതി ഈടാക്കുന്നില്ല

ഗ്രാമപഞ്ചായത്തിലെ 18 അംഗനവാടികളിലെ വർക്കർമാരിൽ നിന്നും ഹെൽപ്പർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. ആയത് ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ വരവ് വെക്കേണ്ടതാണ്.

# 1-15 കലക്ഷൻ ചാർജ് ഈടാക്കുന്നില്ല

1996- ലെ കേരള ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽ ഫെയർസെസ് നിയമം വകുപ്പ് 3(1), (2) പ്രകാരം മരാമത്ത് പ്രവൃത്തികളുടെ ആകെ മൂല്യത്തിന്റെ 1% തുക വസൂലാക്കി വെൽഫെയർ ബോർഡിലേക്ക് ചെറുകുന്ന് ഗ്രാമപഞ്ചായത്ത് ഒടുക്കി വരുന്നുണ്ട്. ഇപ്രകാരം ഈടാക്കി വരുന്ന സെസ് തുകയുടെ 1% ൽ കൂടാത്ത തുക പിരിച്ചെടുത്ത സ്ഥാപനത്തിന് ലഭ്യമാകുന്ന തരത്തിൽ കളക്ഷൻ ചാർജിനത്തിൽ കുറവ് വരുത്തിയ ശേഷമേ ബോർഡിലേക്ക് ഒടുക്കേണ്ടതുള്ളൂ എന്ന് പ്രസ്തുത നിയമത്തിലെ വകുപ്പ് 3(3)ൽ പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ

ഇത്തരത്തിൽ കളക്ഷൻ ചാർജിനത്തിലുള്ള തുക കുറവ് വരുത്താതെയാണ് തുക ഒടുക്കി വരുന്നത്. വരും വർഷങ്ങളിൽ തുക അടവാക്കുമ്പോൾ കളക്ഷൻ ചാർജിനത്തിലുള്ള തുക കുറവ് വരുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-16 ഇ ടെണ്ടർ-ടെണ്ടർ ഫോറം വില ലഭ്യമായില്ല

ഗ്രാമപഞ്ചായത്തിൽ മരാമത്ത് പ്രവർത്തികൾ ഇ-ടെണ്ടർ നടത്തിയതിനെ തുടർന്ന് ടെണ്ടർ ഫോറം വിലയിനത്തിൽ ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും താഴെ പറയും പ്രകാരമുള്ള തുക ഗ്രാമപഞ്ചായത്തിന് ലഭിക്കാനുണ്ട്.

| വർഷം | ലഭിക്കാനുള്ള തുക |
|---|---|
| 2015-16 | 35,910 |
| 2016-17 | 39,585 |
| 2017-18 | 38,512 |
| 2018-19 | 52,406 |
| ആകെ | 1,66,413 |

തുക ലഭ്യമാക്കാനുള്ള സത്വര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-17 സ്വയം തൊഴിൽ സംരംഭങ്ങൾക്ക് ബാക്ക് എൻഡ് സബ്സിഡി - സംരംഭം പ്രവർത്തിക്കുന്നില്ല. 3,00,000/- രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു.

പഞ്ചായത്തിലെ വിവിധ കുടുംബശ്രീ യൂണിറ്റുകൾക്കും, വ്യക്തികൾക്കും 2018-19ൽ വിവിധ രീതിയിലുള്ള തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് 3 വിവിധ പദ്ധതികൾ പ്രകാരം വായ്പാധിഷ്ഠിത ബാക്കെൻറ് സബ്സിഡി നല്കിയിട്ടുണ്ട്. ഈ പദ്ധതികളുടെ നടത്തിപ്പിൽ അപാകതകളുള്ളതായി കാണുന്നു. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ,പേര് | ധനസഹായം കൈപ്പറ്റിയ ഗ്രൂപ്പ്/വ്യക്തി /സംരംഭം | അനുവദിച്ച സബ്സിഡി | ചെറുകുന്ന് സഹകരണ ബാങ്കിന് സബ്സിഡി തുക കൈമാറിയ തിയതി | ചെറുകുന്ന് സഹകരണ ബാങ്ക്, ലോൺ അനുവദിച്ച തിയതി,തുക |
|---|---|---|---|---|---|
| 1 | 122/19 പട്ടിക | ശ്രീമതി | 50000 | 29-6-2018 | 15-10-2018 |

| | | | | | |
|---|---|---|---|---|---|
| | ജാതി വനിതയ്ക്ക് സ്വയം തൊഴിൽ സംരംഭം | മൃദുല ബി. ടെയിലറിംഗ് യൂണിറ്റ് | | (ബിൽ നം. 6/2018-19) | 75000 |
| 2 | 122/19 പട്ടിക ജാതി വനിതയ്ക്ക് സ്വയം തൊഴിൽ സംരംഭം | ശ്രീമതി രാജസുധ. ഇ. കോഴി വളർത്തൽ യൂണിറ്റ് | 21016 | 29-6-2018 (ബിൽ നം. 6/2018-19) | 3-12-2018 75000 |
| 3 | 126/19 കുടുംബശ്രീ കഫേ(ഗ്രൂപ്പ് സംരംഭം) | കൂട്ട് കഫേ യൂണിറ്റ് | 50000 | 25-2-2019 (ബിൽ നം. 18/2018-19) | 1-11-2018 100000 |
| 4 | 120/19 സ്വയം തൊഴിലിന് ആസ്തികൾ- വനിതാ ഗ്രൂപ്പ്- പട്ടികജാതി | മലർവാടി, ഗാർമെൻറ്& ടെയിലറിംഗ് യൂണിറ്റ് | 300000 | 29-6-2018 (ബിൽ നം. 7/2018-19) | 4-12-2018 400000 |

ഗ്രാമപഞ്ചായത്തിലെ നിലവിൽ പ്രവർത്തിച്ചു കൊണ്ടിരിക്കുന്നതും, ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഗ്രൂപ്പുകൾക്കും, വ്യക്തികൾക്കും വായ്പാധിഷ്ഠിത സ്വയം തൊഴിൽ സംരംഭങ്ങൾക്ക് മാർഗ്ഗരേഖയ്ക്കനുസരിച്ച് സബ്സിഡി തുക ബാക്ക് എൻഡ് സബ്സിഡിയായി, വായ്പയനുവദിച്ച ബാങ്കിന് കൈമാറി വായ്പാ തിരിച്ചടവ് ക്രമീകരിക്കുകയെന്നതാണ് ഈ പദ്ധതികൾ പ്രകാരം ലക്ഷ്യമിട്ടിരുന്നത്.

പദ്ധതിക്കാവശ്യമായ മൂലധനം ബാങ്ക് വായ്പയായി സംഘടിപ്പിക്കേണ്ടതും, സമയബന്ധിതമായി പദ്ധതി ആരംഭിക്കേണ്ടതും ഓരോ ഗ്രൂപ്പിന്റെ/വ്യക്തിയുടെ ചുമതലയാണ്. പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിന്/വ്യക്തിക്ക് വായ്പ അനുവദിച്ചതിന്റെ വിശദാംശങ്ങൾ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ) ബാങ്ക് ലഭ്യമാക്കുന്ന മുറയ്ക്ക്, ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെ സബ്സിഡി തുക ബാങ്കിന്

കൈമാറുകയും, സംരംഭങ്ങളുടെ തുടർ പ്രവർത്തനങ്ങൾ നിരീക്ഷിച്ച് ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയെന്നതുമാണ് നിർവ്വഹണോദ്യോഗസ്ഥന്റെ പ്രധാന കർത്തവ്യം.

ഈ പദ്ധതികളുടെ നടത്തിപ്പിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1. തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പിന്/വ്യക്തിക്ക് വായ്പ അനുവദിച്ചു എന്ന് ഉറപ്പാക്കാതെ (ലോൺ നമ്പർ, വായ്പ തുക, പലിശ നിരക്ക്, തിരിച്ചടവ് കാലാവധി തുടങ്ങിയവ ബാങ്ക് ലഭ്യമാക്കുന്നതിന് മുമ്പ്) തന്നെ സബ്സിഡി തുക ബാങ്കിന് കൈമാറി. തുക കൈമാറി 6 മാസത്തിന് ശേഷമാണ് ബാങ്ക് ഗുണഭോക്താക്കൾക്ക് ലോൺ അനുവദിച്ചതും സബ്സിഡി തുക ഗുണഭോക്താക്കളുടെ അക്കൗണ്ടിൽ വരവ് വച്ചതും. ലോൺ അനുവദിക്കുന്നതിന് മുമ്പ് സബ്സിഡി തുക ബാങ്കിന് കൈമാറിയതു മൂലം പൊതുപണം അനാവശ്യമായി ബാങ്കിന്റെ കൈവശമിരിക്കാനിടയായി.

2. ബാങ്ക് അനുവദിച്ച വായ്പ തുകയിൽ നിന്നും സബ്സിഡി തുക കിഴിച്ച് ബാക്കി തുകയും, അതിന്റെ പലിശയും ഗുണഭോക്താവ് തിരിച്ചടച്ച് തീർക്കുന്ന ദിവസം, സബ്സിഡി തുക ഗുണഭോക്താവിന്റെ ലോൺ അക്കൗണ്ടിൽ വരവ് വച്ച് ലോൺ തീർപ്പാക്കി വിവരം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടെയല്ല സബ്സിഡി തുക ബാങ്കിന് കൈമാറിയിരിക്കുന്നത്.

3. ഗുണഭോക്താവ് ഒന്നാം കക്ഷിയും, നിർവ്വഹണോദ്യോഗസ്ഥൻ രണ്ടാം കക്ഷിയായും കരാർ തയ്യാറാക്കിയെങ്കിലും നിർവ്വഹണോദ്യോഗസ്ഥൻ അതിൽ ഒപ്പിട്ടില്ല.

4. തെരഞ്ഞെടുക്കപ്പെട്ട ഗ്രൂപ്പ്/വ്യക്തി തൊഴിൽ സംരംഭം നടത്തുന്നുണ്ട് എന്ന് ഉറപ്പു വരുത്താതെയാണ് സബ്സിഡി തുക ബാങ്കിന് കൈമാറിയത്. ഇതിനുദാഹരണമാണ് സ്വയം തൊഴിലിന് ആസ്തികൾ-വനിതാ ഗ്രൂപ്പ്- പട്ടികജാതി എന്ന പദ്ധതി (പ്രോജക്ട് 120/19). ഈ പദ്ധതിക്കായി ആദ്യം തെരഞ്ഞെടുത്തത് ഭവ്യം ഗാർമെൻറ് & ടെയിലറിംഗ് യൂണിറ്റ്, പള്ളിക്കര എന്ന ഗ്രൂപ്പിനെയാണ്. ഈ ഗ്രൂപ്പിനുള്ള സബ്സിഡി തുക 29-06-2018ൽ ബാങ്കിന് കൈമാറിയതിന് ശേഷം 19-08-2018ലാണ് ഭവ്യം ഗ്രൂപ്പ് പദ്ധതിയുമായി മുന്നോട്ട് പോകുന്നില്ലായെന്ന് നിർവ്വഹണോദ്യോഗസ്ഥനെ അറിയിക്കുന്നതും തുടർന്ന് മലർവാടി ഗ്രൂപ്പിനെ പദ്ധതിക്കായി തെരഞ്ഞെടുക്കുന്നതും നിലവിൽ ഈ ഗ്രൂപ്പ് പ്രവർത്തനം നിർത്തിയതായാണ് നേരിട്ടുള്ള പരിശോധനയിൽ ബോദ്ധ്യപ്പെട്ടത്.

5.നിർവ്വഹണോദ്യോഗസ്ഥൻ സ്ഥാനമൊഴിയുമ്പോൾ, സംരംഭകരെ സംബന്ധിച്ച വിവരങ്ങൾ, അനുവദിച്ച സബ്സിഡി തുക, ലോൺ തുക, തിരിച്ചടവ് കാലയളവ് തുടങ്ങിയ വിവരങ്ങൾ കൈമാറേണ്ടതായിരുന്നുവെങ്കിലും അപ്രകാരം ചെയ്തിട്ടില്ല.

സ്വയം തൊഴിലിന് ആസ്തികൾ-വനിതാ ഗ്രൂപ്പ്- പട്ടികജാതി എന്ന പദ്ധതി പ്രോജക്ട് നം.120/19) പ്രകാരം സബ്സിഡിക്ക് അർഹമായ മലർവാടി, ഗാർമെൻറ് & ടെയിലറിംഗ് യൂണിറ്റ് നിലവിൽ പ്രവർത്തനം നിർത്തിയതായി കാണുന്നതിനാൽ ഇവരുടെ ബാങ്ക് ലോൺ

ക്രമീകരിക്കുന്നതിനായി ചെറുകുന്ന് സഹകരണ ബാങ്കിന് കൈമാറിയ 3,00,000/- രൂപയുടെ ചെലവ് തടസത്തിൽ വയ്ക്കുന്നു. ഗ്രൂപ്പ് തൊഴിൽ സംരംഭം പുനരാരംഭിച്ച് ബാങ്ക് വായ്പ തിരിച്ചടയ്ക്കുന്നുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. സംരംഭം പുനരാരംഭിക്കുന്നില്ലായെങ്കിൽ സബ്സിഡിയായി ബാങ്കിന് കൈമാറിയ 3,00,000/- രൂപ തിരികെയീടാക്കി സർക്കാരിലേക്ക് തിരിച്ചടച്ച് വിവരം ലഭ്യമാക്കേണ്ടതാണ്.

## 1-18 പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി വിനിയോഗസാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ്.

നിർവഹണം - വെറ്റിനറി സർജൻ

പ്രോജക്ടിന്റെ പേര് - പ്രത്യേക കന്നുകുട്ടി പരിപാലനം

പ്രോജക്ട് നമ്പർ- S0009/2018-19

വികസന ഫണ്ട്- 2,62,500/-

ഗുണഭോക്തൃ വിഹിതം- 2,62,500/-

അടങ്കൽ - 5,25,000/-

ബിൽ നമ്പർ/തീയ്യതി/തുക- P07/18-19/17-10-18/2,62,500/-

4 മാസം മുതൽ 6 മാസം വരെ പ്രായമുള്ള തിരഞ്ഞെടുക്കപ്പെട്ട പെൺ കന്നുകുട്ടികൾക്ക് രണ്ടര വയസ്സാകുന്നതു വരെയോ, ആദ്യ പ്രസവം വരെയോ (ഏതാണോ ആദ്യം അതു വരെ) ശാസ്ത്രീയമായ അളവിൽ കാലിത്തീറ്റ നൽകുന്നതിന് തീറ്റ വിലയുടെ 50% നിരക്കിൽ ഉടമസ്ഥർക്ക് സബ്സിഡി നൽകുന്നതാണ് മേൽ പ്രൊജക്ട്. ഇതിന്റെ ഭാഗമായി 2,62,500/- രൂപ എസ്.എൽ.ബി.പി. ഡെപ്യൂട്ടി ഡയറക്ടർക്ക് (A/C NO.719011400000003) നൽകിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തിയാകുന്ന മുറയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കേണ്ടതും, മുൻ വർഷങ്ങളിലെ തുക നീക്കിയിരിപ്പുണ്ടെങ്കിൽ ആയത് തിരികെ ലഭിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 1-19 ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് മുഴുവനായും ലഭിച്ചില്ല

പ്രോജക്ടിന്റെ പേര് - ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

പ്രോജക്ട് നമ്പർ - S0062/19

അടങ്കൽ -8,00,000/- (മെയിന്റൻസ് ഫണ്ട് (റോഡിതരം))

ബിൽ നമ്പർ/തീയ്യതി/തുക- 23/18-19/01-08-18/8,00,000/-

ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 2018-19 വർഷം നടപ്പിലാക്കിയ പദ്ധതികളിൽ ആയുർവ്വേദ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതിക്കായി 01-08-18ന് 8,00,000/- രൂപ ജില്ലാ ട്രഷറിയിൽ നിന്നും ഔഷധിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടുണ്ട്. ഇതിൽ 7,92,978/- രൂപയുടെ മരുന്നുകൾ മാത്രമേ ലഭ്യമായിട്ടുള്ളൂ. 7,022/- രൂപയുടെ മരുന്ന് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 1-20 കുടിവെള്ള വിതരണം-ആദായ നികുതി ഈടാക്കിയില്ല

പ്രോജക്ട് നം.132/19, വരൾച്ച കുടിവെള്ള വിതരണം

അടങ്കൽ-1,97,600/- രൂപ (തനത്ഫണ്ട്)

ചെലവ്-1,97,600/- രൂപ (ചെക്ക് നം.2511258 തീ.28-07-2018)

നിർവ്വഹണ ഉദ്യോഗസ്ഥൻ-സെക്രട്ടറി

വരൾച്ചാ മുന്നൊരുക്കത്തിന്റെ ഭാഗമായി ചെറുകുന്ന് ഗ്രാമ പഞ്ചായത്തിലെ വിവിധ വരൾച്ച ബാധിത പ്രദേശങ്ങളിൽ വാഹനത്തിൽ കുടിവെള്ളം ശേഖരിച്ച് എത്തിക്കുന്നതിന് ട്രിപ്പൊന്നിന് 1,300/- രൂപ നിരക്കിൽ 152 ട്രിപ്പിന് 1,97,600/- രൂപ കരാറുകാരന് മേൽ നമ്പർ ചെക്ക് പ്രകാരം അനുവദിച്ചിട്ടുണ്ട്. ആദായ നികുതി ഇനത്തിൽ ഈടാക്കേണ്ട 1% തുക ഈടാക്കാതെ മുഴുവൻ തുകയും അനുവദിക്കുകയാണ് ചെയ്തിട്ടുള്ളത്. ആദായ നികുതിയിനത്തിൽ ഈടാക്കേണ്ട 1,976/- രൂപ കരാറുകാരനിൽ നിന്നും ഈടാക്കി ആദായ നികുതി വകുപ്പിൽ ഒടുക്കേണ്ടതാണ്.

# 1-21 റഗുലറൈസ് ചെയ്ത കെട്ടിടങ്ങൾക്ക് കാലപ്പഴക്കത്തിനനുസരിച്ച് മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്തിയില്ല. നഷ്ടം ഈടാക്കേണ്ടതാണ്

2018-19ൽ റഗുലറൈസേഷൻ ഫീസീടാക്കി ക്രമവൽക്കരിച്ച താഴെ ചേർക്കുന്ന രണ്ടു കെട്ടിടങ്ങൾക്കും കാലപ്പഴക്കത്തിനനുസരിച്ച് മുൻകാല പ്രാബല്യത്തോടെ വസ്തു നികുതി ചുമത്തിയില്ല. ഈ കെട്ടിടങ്ങളുടെ ഉടമസ്ഥർ സമർപ്പിച്ചിരിക്കുന്ന വസ്തു നികുതി നിർണ്ണയ റിട്ടേണിൽ ഈ കെട്ടിടങ്ങളുടെ കാലപ്പഴക്കം 3 വർഷം എന്ന് രേഖപ്പെടുത്തിയിരുന്നുവെങ്കിലും (ക്രമനമ്പർ 10) മുൻകാല പ്രാബല്യത്തോടെ നികുതി ഈടാക്കിയില്ല.

| ക്രമ നമ്പർ | കെട്ടിട നമ്പർ | ഉടമസ്ഥന്റെ പേര് | കെട്ടിടത്തിന്റെ വിസ്തീർണ്ണം | നിർണ്ണയി ച്ചിരിക്കുന്ന നികുതി | പ്രാബല്യ തിയതി |
|---|---|---|---|---|---|
| 1 | XIII/105A | സുഷീൽ വി, വെളുത്തേരി ഹൗസ്, താവം | 91.12m2 | 346 | 3-10-2018 |
| 2 | XII/456B | പറമ്പൻ ത്ര്യേസ്യ, പള്ളിക്കര | 95.61 m2 | 443 | 12-10-2018 |

മുൻകാല പ്രാബല്യത്തോടെ നികുതി ചുമത്താത്തതു മൂലം ഉണ്ടായ നഷ്ടം തിട്ടപ്പെടുത്തി ഈടാക്കേണ്ടതാണ്.

# 1-22 ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ- ഭരണസമിതി തീരുമാനം നടപ്പാക്കിയതിലെ പിഴവ്- 3,500/-രൂപ നഷ്ടം

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 31-10-17ലെ ജി.ഒ.(പി)നം.80/2017 പ്രകാരം ഡി&ഒ ലൈസൻസ് ചട്ടം ഭേദഗതി ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 21-01-2018ലെ ഭരണസമിതി തീരുമാനം നമ്പർ 14/27/18 പ്രകാരം വ്യാപാര സംരഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിന് മൈക്രോ എന്റർപ്രൈസസ് വിഭാഗത്തിൽ വരുന്ന സേവനങ്ങൾക്കും ഉൽപാദനങ്ങൾക്കും താഴെ പറയും പ്രകാരം ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

| | |
|---|---|
| സേവന മേഖല | |
| 1 ലക്ഷം വരെ മൂലധനം ഉള്ളത് | 100 |
| 1 ലക്ഷത്തിന് മുകളിൽ 2 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| 2 ലക്ഷത്തിന് മുകളിൽ 3 ലക്ഷം വരെ മൂലധനം ഉള്ളത് | 300 |
| 3 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 500 |
| ഉൽപാദന മേഖല | |
| 5 ലക്ഷം വരെ മൂലധനം ഉള്ളത് | 200 |
| | |

| | |
|---|---|
| 5 ലക്ഷത്തിന് മുകളിൽ പത്ത് ലക്ഷം വരെ മൂലധനം ഉള്ളത് | 400 |
| 10 ലക്ഷത്തിന് മുകളിൽ 25 ലക്ഷം വരെ മൂലധനം ഉള്ളത് | 500 |

എന്നാൽ മേൽ പറഞ്ഞിട്ടുള്ള നിരക്കിൽ നിന്നും താഴെ പറയുന്നവരിൽ നിന്നും കുറഞ്ഞ നിരക്കിലാണ് ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്.

| ക്രമ നം. | പേര് / വാർഡ് നമ്പർ | ആവശ്യം | മൂലധനം | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് | രശീത് നമ്പർ/ തീയ്യതി |
|---|---|---|---|---|---|---|---|
| 1 | ഒ. നാരായണൻ VII/728,729 | വാടകസാധനങ്ങൾ സ്റ്റോക്ക് & വിതരണം | 400000 | 500 | 200 | 300 | 5669/ 23.02.19 |
| 2 | ഗിരീഷ് കുമാർ കെ.വി VIII/265 | ഓർഗാനിക് പ്രൊഡക്റ്റ് വിൽപ്പന | 600000 | 500 | 300 | 200 | 5848/ 27-02-19 |
| 3 | ഗിരീഷ് കുമാർ കെ.വി VIII/265 A | സ്റ്റേഷനറി | 300000 | 300 | 200 | 100 | 5861/ 27-02-19 |
| 4 | രമ്യ കെ VII/180 | മിൽമ ഉൽപ്പന്നങ്ങൾ വിൽപ്പന | 600000 | 400 | 300 | 100 | 5886/ 28-02-19 |
| 5 | മനോജ് പി.പി IV/16,17 | സ്പെയർ പാർട്സ് വിൽപ്പന | 600000 | 500 | 300 | 200 | 5955/ 05-03-19 |
| 6 | രാജൻ കിഴക്കേവളപ്പിൽ VI/227 | അനാദി കച്ചവടം | 400000 | 500 | 200 | 300 | 6005/ 07-03-19 |
| 7 | പ്രദീപ് ഇ.കെ VII/386,388 | കിച്ചൻ ക്യാബിൻ നിർമ്മാണം | 600000 | 400 | 300 | 100 | 106245/ 22-03-19 |
| 8 | മോഹനൻ.വി | ഇന്റീരിയൽ | 600000 | 400 | 300 | 100 | 106261/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | IX/438,439 | ഡിസൈനിംഗ് | | | | | 23-03-19 |
| 9 | കൃഷ്ണൻ മുക്കുന്നിൽ<br>VIII/181 | ഫാൻസി കച്ചവടം | 200000 | 200 | 100 | 100 | 106271/<br>23-03-19 |
| 10 | രാമചന്ദ്രൻ പി.കെ<br>VIII/256 | പാൽ ഏജൻസി | 200000 | 200 | 100 | 100 | 106279/<br>25-03-19 |
| 11 | സെക്രട്ടറി സർവ്വീസ് സഹകരണ ബാങ്ക്<br>VII/2 | മെഡിക്കൽ സ്റ്റോർ | 600000 | 500 | 300 | 200 | 106344/<br>27-03-19 |
| 12 | എ.സി അബൂബക്കർ ഹാജി<br>VI/539 | സ്റ്റേഷനറി | 200000 | 200 | 100 | 100 | 6377/<br>30-3-19 |
| 13 | അബ്ദുള്ള ഹാജി എം<br>VII/79 | തുണി വിൽപ്പന | 400000 | 500 | 200 | 300 | 15086/<br>15-02-18 |
| 14 | ആർ രവീന്ദ്രൻ<br>VII/75 | ഫാൻസി കച്ചവടം | 400000 | 500 | 200 | 300 | 105087/<br>15-02-19 |
| 15 | എ. അബ്ദുൾ റൗഫ്<br>VII/144 | വെളിച്ചെണ്ണ വിൽപ്പന | 400000 | 500 | 200 | 300 | 105510/<br>16-02-18 |
| 16 | കുറ്റ്യൻ കൃഷ്ണൻ<br>VII/253 | സ്റ്റേഷനറി | 200000 | 200 | 100 | 100 | 105113/<br>16-02-18 |
| 17 | പ്രമോദ് | Ice cream സ്റ്റോക്ക് & വിൽപ്പന | 600000 | 500 | 300 | 200 | 105115/ |

| | | | | | | | |
|---|---|---|---|---|---|---|---|
| | VII/435D,435E | | | | | | 16-02-18 |
| 18 | ശിവാനന്ദൻ<br>VII/52 | കൊല്ലപണിശാല | 200000 | 200 | 100 | 100 | 105114/<br>16-02-18 |
| 19 | മനോജ് കെ<br>II/199 | സ്പെയർ പാർട്സ് വിൽപ്പന | 300000 | 300 | 200 | 100 | 105121/<br>16-02-18 |
| 20 | അനൂജ് പി.പി<br>VII/287 | ഈവന്റ് മാനേജ് മെന്റ് ഓഫീസ് കെട്ടിടം | 400000 | 500 | 300 | 200 | 105122/<br>16-02-18 |
| ആകെ | | | | | | 3500 | |

ഇതു കൂടാതെ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കാൻ തീരുമാനം എടുത്തതിന് ശേഷവും ചില അപേക്ഷകളിന്മേൽ വിറ്റു വരവിന്റെ അടിസ്ഥാനത്തിലാണ് ചെറുകുന്ന് ഗ്രാമപഞ്ചായത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ളത്. ആയതിനാൽ മൂലധനത്തിന്റെ അടിസ്ഥാനത്തിൽ ഈടാക്കിയതിൽ കുറഞ്ഞ ലൈസൻസ് ഫീസ് ഈടാക്കിയവരിൽ നിന്നും 3,500/- രൂപ ഈടാക്കേണ്ടതും ഭരണസമിതി തീരുമാന പ്രകാരം 2018-19 വർഷം വിറ്റു വരവിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കിയിട്ടുള്ള എല്ലാ അപേക്ഷകരിൽ നിന്നും മൂലധന നിക്ഷേപത്തിന്റെ അടിസ്ഥാനത്തിൽ ലൈസൻസ് ഫീസ് ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

# ഭാഗം -4

# പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 8-07-19 & 9-07-19 | നം.കെഎസ്എ/കെഎൻആർ/സി12/ 1361/19, 17-08-2019 |

## 4-2 സംയുക്ത പ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 595000 | നെൽകൃഷി വികസന പദ്ധതി | 595000 | 0 |
| | | 500000 | മപാടിയിൽ അംഗൻവാടി കെട്ടിട നിർമ്മാണം | 0 | 500000 |
| | | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 1300000 | ലൈഫ് പദ്ധതി | 1300000 | 0 |
| | | 120000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 120000 | 0 |
| | | 100000 | സുചലം പദ്ധതി | 100000 | 0 |
| | | 30000 | ഒന്നാം ക്ലാസ് ഒന്നാം തരം | 30000 | 0 |
| | | 100000 | ലൈഫ് പദ്ധതി | 100000 | 0 |
| | | 188000 | “(എസ്.സി ) | 188000 | 0 |
| | | 291667 | (ജനറൽ) | 291667 | 0 |
| ആകെ | | 3374667 | | 2874667 | 500000 |
| ജില്ലാ പഞ്ചായത്ത് | 2018-19 | 114057 | ലൈഫ് ഭവന നിർമ്മാണ പദ്ധതി | 114057 | 0 |
| | | 120000 | ക്ഷീരകർഷകർക്ക് പാലിന് സബ്സിഡി | 120000 | 0 |
| | | 910000 | ലൈഫ് പദ്ധതി | 910000 | 0 |
| | | 100000 | സുചലം പദ്ധതി | 100000 | 0 |
| | | 338660 | ലൈഫ് പദ്ധതി | 338660 | 0 |
| | | 255000 | നെൽകൃഷി വികസന പദ്ധതി കൂലിചെലവ് സബ്സിഡി | 255000 | 0 |

| | | | | | |
|---|---|---|---|---|---|
| | | 150000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർഥികൾക്ക് സ്കോളർഷിപ്പ് | 150000 | 0 |
| | | 300000 | സാന്ത്വന പരിചരണം | 282733 | 17267 |
| | | 10000 | ഒന്നാം ക്ലാസ് ഒന്നാം തരം | | |
| | | 50000 | സമഗ്ര ക്യാൻസർ നിയന്ത്രണ പദ്ധതി | 17910 | 32090 |
| | | 2347717 | | 2298360 | 49357 |

# 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല.

# 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

# 4-5 വായ്പ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 19,80,000/- രൂപ വരവുണ്ട്. തൻവർഷം തുക മുഴുവനായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദ വിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ് ഭവന | ജി.ഒ. (എം.എസ്) | 19,80,000 | - | - | - | 19,80,000 |

| | | | | | | |
|---|---|---|---|---|---|---|
| പദ്ധതി | 68/18 തീയ്യതി 18-05-18 | | | | | |

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 0 |
| തൻവർഷം നിക്ഷേപിച്ച തുക | 30,000 |
| ആകെ | 30,000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 30,000 |

<u>വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.</u>

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്സ് |
|---|---|---|---|---|---|
| 1 | മലബാർ ടൂറിസം ഡവലപ്മെന്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി (ഷെയർ) | 197/18-10-2014 | - | 20000 | - |
| 2 | കണ്ണൂർ കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ (ഷെയർ) | 42/14-07-2015 | - | 5000 | - |
| 3 | കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ഹോസ്പിറ്റൽ, പരിയാരം (ഷെയർ) | 2621/09.09.2008 | - | 5000 | - |
| | ആകെ | | | 30000 | |

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 25,120/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് | ഭാഗം/ | ഈടാക്കിയ | ഒടുക്കിയ ആളുടെ പേരും | രശീത് നമ്പർ/ |
|---|---|---|---|---|

| വർഷം | ഖണ്ഡിക | തുക | ഉദ്യോഗപ്പേരും | തിയ്യതി |
|---|---|---|---|---|
| 2016-17 | 2-2(2) | 22,320 | എക്സിക്യൂട്ടീവ് ഓഫീസർ, ചിറക്കൽ കോവിലകം | 118040500001/15-05-18 |
| 2017-18 | - | 300 | അനസൂയ സ്റ്റോൺ ക്രഷർ | 118040101117/18-05-18 |
| 2016-17 | 2-2 | 1,250 | പി.പി.രമേശൻ | 118040103303/27-10-18 |
| 2015-16 | 2-2(2) | 1,250 | മാനേജർ, മാവേലി സ്റ്റോർ | 118040105327/29-01-19 |
| ആകെ | | 25,120 | | |

# 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.8 | മഴവെള്ള സംഭരണി പരാജയമായി | നിയമസഭാ സമിതിയുടെ പരിഗണ നയിൽ നയിൽ |
| | പ്രവർത്തനാ വലോകനം | 2013-14 | 5.1.5.11 | നൂതന ആശയമായ ഒതയമ്മാടം വാട്ടർ ട്രീറ്റ്മെന്റ് പ്ലാന്റ് പരാജയമായി | “ |
| | പ്രവർത്തനാ വലോകനം | 2013-14 | 5.1.5.13 | കുടിവെള്ള പദ്ധതികളുടെ നിർവ്വഹണം ഗുണഭോക്തൃ | “ |

| | | | | | |
|---|---|---|---|---|---|
| | | | | സമിതികൾക്ക് കൈമാറിയില്ല | |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.12 | ജലസ്രോതസ്സുകൾ മാലിന്യക്കൂമ്പാരമായി | “ |
| | പ്രവർത്തനാവലോകനം | 2013-14 | 5.1.5.8 | മഴവെള്ള സംഭരണികൾ പരാജയമായി | “ |
| 2014-15<br>2014-15 | 2-2,2-3<br>2-1,2-2 | 2016-17 | 2 | തൊഴിൽ നികുതി | “ |

# 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

# 4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 4,79,53,248 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 4,74,47,485 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 3,500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 3,00,000 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം (ഗ്രാമപഞ്ചായത്ത് ഈടാക്കേണ്ടത്)

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-22 | 3,500 | ശ്രീമതി. പി.വി.ഉഷ (സെക്രട്ടറി) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-17 | 3,00,000 | ശ്രീമതി.ബിന്ദു.എം.പി. (വി.ഇ.ഒ) |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക |
|---|---|
| 1-20 | 1,976 |

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.ഉഷ.പി, സെക്രട്ടറി | സെക്രട്ടറി, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | മേലോത്ത് വളപ്പിൽ ഹൗസ്, മൊട്ടമ്മൽ (പി.ഒ) |
| ശ്രീമതി.ബിന്ദു എം.പി. | വി.ഇ.ഒ, ചെറുകുന്ന് ഗ്രാമ പഞ്ചായത്ത് | ശ്രീലക്ഷ്മി ഹൗസ് പൂമംഗലം, പന്നിയൂർ (പി.ഒ), തളിപ്പറമ്പ. |

# 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2010-11 | നം.കെഎസ്എ/കെഎൻആർ/സി.12/746/19. തീയതി 07.06.2019 | 1 |
| 2015-16 | “ | 8 |
| 2016-17 | “ | 3 |
| 2017-18 | നം.കെഎസ്എ/കെഎൻആർ/സി.12/1780/2018 തീയതി 01.06.2019. | 7 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ/കെ.എൻ.ആർ/സി.12/1476/2019.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ,
ഇമെയിൽ: doknr.ksad@kerala.gov.in

ഫോൺ: 04972-707698

തീയ്യതി: 16.10.2019.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ചെറുകുന്ന് ഗ്രാമപഞ്ചായത്തിന്റെ 2018-19 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2018-19-ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.

# അനുബന്ധം-2-1 റെസീറ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്

## 2018-19 (From 01.04.2048 to 31.03.2019)

| Code | Head Account | Schedule | Amount(Rs.) |
|---|---|---|---|
| Opening Balance | | | |
| | Bank | RP-40(a) | 1576241.89 |
| | Cash | RP-40(a) | 16190.00 |
| Receipts | | | |
| Operating<br>110000000 | Tax Revenue | RP-1 | 972330.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | RP-2 | 22801.00 |
| 140000000 | Fees & User Charges | RP-4 | 568710.00 |
| 150000000 | Sale & Hire Charges | RP-5 | 72707.00 |
| 151000000 | Receipts from Transferred Institutions | RP-6 | 0.00 |
| 160000000 | Revenue Grants, Funds, Contributions & Compensations | RP-7 | 31834128.00 |
| 171000000 | Interest Earned | RP-9 | 24861.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 7354251.00 |
| 350000000 | Other Liabilities | RP-36 | 225023.00 |
| Non Operating | | | |
| 180000000 | Other Income | RP-10 | 375.00 |
| 311000000 | Earmarked Funds | RP-29 | 22358.00 |
| 330000000 | Secured Loans | RP-32 | 1980000.00 |
| 340000000 | Deposits Received | RP-34 | 145161.00 |
| 350000000 | Other Liabilities | RP-36 | 143247.00 |
| 431000000 | Sundry Debtors (Receivables) | RP-43 | 4223127.00 |

| | | | |
|---|---|---|---|
| 460000000 | Loans, Advances and Deposits | RP-47 | 364169.00 |
| Grand Total 49545679.89 | | | |
| Payments | | | |
| Operating | | | |
| 210000000 | Establishment Expenses | RP-11 | 3091378.00 |
| 220000000 | Administrative Expenses | RP-12 | 974166.00 |
| 230000000 | Operations &Maintenance | RP-13 | 1396887.00 |
| 250000000 | Decentralised Plan Programme - Productive Sector | RP-15 | 4213262.00 |
| 251000000 | Decentralised Plan Programme - Service Sector | RP-16 | 14926942.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | RP-17 | 1252238.00 |
| 253000000 | Decentralised Plan Programme - Projects not included in Sector Division | RP-18 | 433813.00 |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | RP-19 | 372588.00 |
| 255000000 | Maintenance Projects | RP-20 | 3424051.00 |
| 260000000 | Grants, Contributions and Compensations from Own Fund | RP-22 | 257600.00 |
| 280000000 | Prior Period Item | RP-26 | -1365.00 |
| 320000000 | Grants, Funds & Contributions for Specific Purposes | RP-31 | 329555.00 |
| 350000000 | Other Liabilities | RP-36 | 4491283.00 |
| Non Operating | | | |
| 240000000 | Interest & Finance Charges | RP-14 | 246.00 |
| 280000000 | Prior Period Item | RP-26 | -25120.00 |
| 311000000 | Earmarked Funds | RP-29 | 21000.00 |
| 340000000 | Deposits Received | RP-34 | 99807.00 |
| 350000000 | Other Liabilities | RP-36 | 2354367.00 |
| 410000000 | Fixed Assets | RP-38 | 2239978.00 |
| 412000000 | Capital Work In Progress | RP-40 | 6928476.00 |
| 440000000 | Pre-paid Expenses | RP-45 | 0.00 |
| 460000000 | Loans, Advances and Deposits | RP-47 | 666333.00 |
| Closing Balance | | | |
| | Bank | RP-40(b) | 2098194.89 |
| | Cash | RP-40(b) | 0.00 |

# അനുബന്ധം-2-2 ഇൻകം & എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ് - ചെറുകുന്ന് ഗ്രാമപഞ്ചായത്ത് 2018-19

## (From 01.04.2018 to 31.03.2019)

| Code | Head Of Account | Schedule | Amount(Rs.) |
|---|---|---|---|
| | Income | | |

| | | | |
|---|---|---|---|
| 110000000 | Tax Revenue | I-1 | 4,006,298.00 |
| 120000000 | Assigned Revenues, Shared Taxes and Compensations (BLOCKED) | I-2 | 22,801.00 |
| 130000000 | Rental Income from Panchayat Properties | I-3 | 70,756.00 |
| 140000000 | Fees & User Charges | I-4(b) | 786,460.00 |
| 150000000 | Sale & Hire Charges | I-5(b) | 72,707.00 |
| 151000000 | Receipts from Transferred Institutions | I-5(a) | |
| 160000000 | Revenue Grants, Funds, Contributions & Compensations | I-6 | 79,178,026.00 |
| 171000000 | Interest Earned | I-8 | 24,861.00 |
| 180000000 | Other Income | I-9 | 4,532.00 |
| A | Total-Income | | 84,166,441.00 |
| | Expenditure | | |
| 210000000 | Establishment Expenses | I-10(b) | 9,735,985.00 |
| 220000000 | Administrative Expenses | I-11(b) | 974,166.00 |
| 230000000 | Operations & Maintenance | I-12(b) | 1,496,887.00 |
| 240000000 | Interest & Finance Charges | I-13 | 246.00 |
| 250000000 | Decentralised Plan Programme - Productive Sector | I-14 | 5,765,555.00 |
| 251000000 | Decentralised Plan Programme - Service Sector | I-14(a) | 24,745,984.00 |
| 252000000 | Decentralised Plan Programme - Infrastructure Sector | I-14(b) | 1,218,580.00 |
| 253000000 | Decentralised Plan Programme - Projects not included in Sector | I-14(c) | 433,813.00 |
| | Division | | |
| 254000000 | Expenditures of Transferred Institutions and State Sponsored Schemes | I-14(d) | 30,281,888.00 |
| | (not included under Decentralised Plan Programme) | | അനുബന്ധം 2(2) |
| 255000000 | Maintenance Projects | I-14(e) | 3,424,051.00 |
| 260000000 | Grants, Contributions and Compensations from Own Fund | I-15 | 257,600.00 |
| 270000000 | Provisions and Write off | I-16 | 2,878.00 |
| 272000000 | Depreciation | I-17(a) | 3,450,698.00 |
| B | Total-Expenditure | | അനുബന്ധം 2(2) 81,788,331.00 |
| C = A-B | Gross Surplus/Deficit of Income over Expenditure | | 2,378,110.00 |

| | | | |
|---|---|---|---|
| D= 280000000 | Prior Period Item | I-18 | 48,833.00 |
| E = C-D<br>290000000 | Gross Surplus/Deficit of Income over Expenditure after prior period items<br>Transfer to Reserve Funds | അനുബന്ധം 2(2) | അനുബന്ധം2(2)<br>2,329,277.00 |

# അനുബന്ധം-2-3 ബാലൻസ് ഷീറ്റ് - (As on 31.03.2019)

| Code No. | Description of Items | Schedule No. | Amount |
|---|---|---|---|
| | LIABILITIES | | |
| 310000000 | Reserve& Surplus | B-1 | 10031350.46 |
| | Muncipal (General) Fund [Code No 310] | | |
| 311000000 | Earmarked Funds | B-2 | 6720.00 |
| 312000000 | Reserves | B-3 | 23364919.00 |
| | Total Reserve& Surplus | | 33402989.46 |
| 320000000 | Grants, Funds & Contributions for Specific Purposes | B-4 | 3186395.50 |
| | Total Grants,Contributions for specific purposes | | 3186395.50 |
| 330000000 | Loans<br>Secured Loans | B-5 | 1980000.00 |
| | Total Loans | | 1980000.00 |
| 340000000 | Current Liabilities and Provisions<br>Deposits Received | B-7 | 547263.00 |
| 350000000 | Other Liabilities | B-9 | 913882.93 |
| | Total Current Liabilities and Provisions | | 1461145.93 |
| 410000000 | TOTAL LIABILITIES | B-11 | 40030530.89 |
| | ASSETS | | |
| | | | |

| | | | |
|---|---|---|---|
| | Fixed Assets | | |
| | Fixed Assets | | 46702147.00 |
| 411000000 | Accumulated Depreciation | B-11 | (10569525.00) |
| 412000000 | Capital Work In Progress | B-11(a) | 1448457.00 |
| | Total Fixed Assets | | 37581079.00 |
| 420000000 | Investments | B-12 | 30000.00 |
| | Total Investments | | 30000.00 |
| 430000000 | Current Assets,Loans and Advances<br>Stock-in-hand | B-14 | 0.00 |
| 431000000 | Sundry Debtors (Receivables) | B-15 | 0.00 |
| 440000000 | Pre-paid Expenses | B-16 | 0.00 |
| 450000000 | Cash and Bank balance | B-17 | 2098194.89 |
| 460000000 | Loans, Advances and Deposits | B-18 | 321257.00 |
| | Total Current Assets,Loans and Advances | | 2419451.89 |
| | TOTAL ASSETS | | 40030530.89 |

ഡെപ്യൂട്ടി ഡയറക്ടർ,
ജില്ലാ ഓഡിറ്റ് കാര്യാലയം, കണ്ണൂർ.